സിറാജ്

29 July 2023

# മത്സ്യമേഖല പഠിക്കാൻ യു എസ് സംഘം

## ● ചെറുകിട സംരംഭങ്ങളിലെ സ്ത്രീശക്തിക്ക് പ്രശംസ

കൊച്ചി | കേരളത്തിലെ മത്സ്യമേഖലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന ചെറുകിട സംരംഭങ്ങൾക്ക് പ്രശംസ ചൊരിഞ്ഞ് അമേരിക്കൻ വിദ്യാർഥികൾ.

സംസ്ഥാനത്തിന്റെ മത്സ്യമേഖലയെ കുറിച്ച് മനസ്സിലാക്കുന്നതിനായി എത്തിയ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയിൽ നിന്നുള്ള പത്ത് വിദ്യാർഥികളും രണ്ട് അധ്യാപകരുമാണ് മത്സ്യമേഖലയിലെ സ്ത്രീ ശാക്തീകരണ മാതൃക അടുത്തറിഞ്ഞത്. തീരമൈത്രി യൂനിറ്റുകൾ, സ്വയംസഹായക വനിതാ സംഘങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ മത്സ്യകൃഷി, കൂടുകൃഷി, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉത്പാദനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാ സംരംഭങ്ങൾ സംഘത്തെ ആകർഷിച്ചു.




അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയിൽ നിന്നുള്ള വിദ്യാർഥികളുടെ സംഘം തീരമൈത്രിക്ക് കീഴിലുള്ള തീരമാവേലി സൂപ്പർമാർക്കറ്റിൽ

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും മിഷിഗൺ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് വിദ്യാർഥികളുടെ കേരളത്തിലൂടെയുള്ള പഠന- പരിശീലന യാത്ര. അധ്യാപകരായ പ്രൊഫ. ലിൻഡ റാസിയോപി, പ്രൊഫ. സെജൂറ്റി ദാസ്ഗുപ്ത എന്നിവരുടെ നേതൃത്വത്തിൽ മിഷിഗൺ സർവകലാശാലയുടെ ജെയിംസ് മാഡിസൺ കോളജിൽ കംപാരിറ്റീവ് കൾച്ചർ ആൻഡ് പൊളിറ്റിക്സിൽ ബിരുദപഠനം നടത്തുന്ന വിദ്യാർഥികളാണ് സി എം എഫ് ആർ ഐയുടെ സഹകരണത്തോടെ സന്ദർശനം നടത്തിയത്.

മത്സ്യമേഖലയും അതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുടെ സാമൂഹിക-സാമ്പത്തിക നിലവാരം മനസ്സിലാക്കാനുമായി 15 ദിവസം കേരളത്തിൽ ചെലവിട്ട ശേഷമാണ് സംഘം മടങ്ങിയത്.